# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 920 09.08.2017 -ൽ മറുപടിക്ക്

## സ്വകാര്യ തൊഴിൽദാന ഏജൻസികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഡി.കെ. മുരളി | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) സ്വകാര്യ തൊഴിൽമേഖലയിൽ തൊഴിൽ നൽകുന്നതിന് സ്വകാര്യ റിക്രൂട്ടിംഗ് ഏജൻസികൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) ഇത്തരം ഏജൻസികൾക്ക് ലൈസൻസ് വേണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ; | (ബി) ഇല്ല. എന്നാൽ ഇത്തരം ഏജൻസികളുടെ ഓഫീസുകൾക്ക് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് എന്ന നിലയിൽ കേരള ഷോപ്പ്സ് & കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്, സെക്ഷൻ 5 എ പ്രകാരമുള്ള രജിസ്ട്രേഷൻ ബാധകമാണ്. |
| (സി) പ്രസ്തുത ഏജൻസികളുടെ ചൂഷണത്തിൽ നിന്നും ഉദ്യോഗാർത്ഥികളെ സംരക്ഷിക്കാൻ എന്തെങ്കിലും നിയന്ത്രണ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; | (സി) ഇല്ല |
| (ഡി) ഇത്തരം ഏജൻസികൾ യാതൊരു നിയന്ത്രണവുമില്ലാതെ രജിസ്ട്രേഷൻ ഫീസ് പിരിക്കുന്നതും മാസശമ്പളത്തിൽ നിന്നും കമ്മീഷൻ ഈടാക്കുന്നതും തടയുന്നതിന് സർക്കാർ തലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ; | (ഡി) പരിശോധിക്കാവുന്നതാണ്. |

| | |
|---|---|
| (ഇ) സർക്കാർ തലത്തിൽ ഇത്തരമൊരു ഏജൻസി ആരംഭിക്കാൻ ആലോചിക്കുമോ ; വ്യക്തമാക്കാമോ ? | (ഇ) സ്വകാര്യ മേഖലയിലെ തൊഴിൽ സാധ്യതകൾ കണ്ടെത്തി റിക്രൂട്ട്മെന്റ് നടത്തുന്നതിനുള്ള ജോബ് പോർട്ടൽ 2012-ൽ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. എങ്കിലും തദ്ദേശമായുള്ള റിക്രൂട്ട്മെന്റുകൾക്ക് തൊഴിൽദാതാക്കൾ റിക്രൂട്ട്മെന്റ് ഏജൻസികളെക്കാൾ കരാറുകാരുടെ സേവനങ്ങൾക്കാണ് മുൻഗണന നൽകുന്നത്. |

സെക്ഷൻ ഓഫീസർ